Vol : 03 Issue : 19

# ഡുലോസ് വോയ്സ്

ONLINE FAMILY MAGAZINE



## യുദ്ധവും സമാധാനവും

## പ്രാർത്ഥനയ്ക്ക് പകരം വയ്ക്കാൻ പ്രാർത്ഥന മാത്രം

# ഡുലോസ് വോയ്സ്

ONLINE FAMILY MAGAZINE
Vol : 03 Issue : 19 (For Private Circulation Only)
2023 November 11.

Pages:10



MANAGING EDITOR.
Pr.V.P.Jose
CHIEF EDITOR
Pr.Benssen V. Yohannan
EDITOR IN CHARGE
Evg.James Koshy George
Br. Abin Abraham
ASSOCIATE EDITORS
Pr.Sonu George
Pr.Raj Kumar
Pr.Rejimon Jacob
EDITORS
Pr.James Abraham
Pr.Syalan Chacko
Sis.Girija Sam
SUB EDITORS
Pr.Shiju Thomas
Sis. Subi Johnson
BOARD OF DIRECTORS
Pr.Thomas Mathew
Pr. V.A Sunny
Sis.Ann Jose
CIRCULATION MANAGER
Sis Lijo Benssen
UAE CO-ORDINATOR
Pr. SAM RAK (Cherian Paulose)
USA CO - ORDINATOR
Br. Daniel Rejimon
KSA CO - ORDINATOR
Pr.Sajan Samuel
UK CO - ORDINATOR
Br. Babu Thankachan
Sis.Praisy Tomson



PUBLISHED BY Pr. Joy P.Abraham



ADDRESS:- Doulos Biblical Seminary
Vechuchira .P.O,Ranni, Pathanamthitta Dt.
Kerala. Pin.686511,
9847599603



Design:Shaji Vazhoor 9656571354




## Table of Contents


| | |
|---|---|
| ഈ സമയത്ത് മിണ്ടാതിരുന്നാൽ | 4 |
| വൈരുദ്ധ്യങ്ങളുടെ ഏകദൃശ്യത | 5 |
| The End Times | 6 |
| ദൈവശബ്ദം തിരിച്ചറിയുക | 7 |
| പ്രാർത്ഥനയ്ക്ക് പകരം വയ്ക്കാൻ പ്രാർത്ഥന മാത്രം | 8 |
| മടിക്കേണ്ട തീരുമാനിക്കൂ | 9 |



ഈ മാസികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും – ചീഫ് എഡിറ്റർ

# EDITORIAL

# യുദ്ധവും സമാധാനവും

**ലോ**കം മറ്റൊരു ദുരന്തത്തിന്റെ വക്കിൽ എത്തി നിൽക്കുന്നു. ഹമാസിന്റെ ഭാഗത്തുനിന്നും ഇസ്രയേലിനു നേരെയുണ്ടായ  അപ്രതീക്ഷിത ആക്രമണം സത്യത്തിൽ ഇസ്രായേലിനെ മാത്രമല്ല ലോകത്തെ ആകമാനം അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. നിരവധി യിസ്രയേല്യരെ ബന്ദികളാക്കി കൊണ്ടുപോകുകയും ചെയ്ത ഹമാസ് തുടക്കം കുറിച്ച ആക്രമണത്തിന്റെ ഭാവവും രൂപവും മാറിയിരിക്കുന്നു.

യിസ്രയേൽ –ഫലസ്തീൻ യുദ്ധം മറ്റൊരു ലോകമഹായുദ്ധത്തിലേക്ക് നയിക്കുമോ എന്നുപോലും സംശയിക്കേണ്ടതായ സാഹചര്യം സംജാതമായിരിക്കുന്നു. അമേരിക്ക, ബ്രിട്ടൻ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളുടെ ഇസ്രയേലിനുള്ള പിന്തുണയും അറബ് രാജ്യങ്ങൾ ഒറ്റക്കെട്ടായിനിന്ന് വിഷയങ്ങളെ സസൂഷ്മം വീക്ഷിക്കുന്നതും ആശങ്കയുടെ അടിസ്ഥാനത്തെ ബലപ്പെടുത്തുന്നു. “ അവർ യുദ്ധം ആരംഭിച്ചു ഞങ്ങൾ അത് പൂർത്തീകരിയ്ക്കും” എന്ന ഇസ്രയേൽ പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹുവിന്റെ വാക്കുകൾ ശ്രദ്ധേയമാണ്.

ചരിത്രത്തിന്റെ പിൻബലത്തിൽ ഇസ്രയേലിന് പിന്തുണയുമായി ക്രൈസ്തവ സമൂഹവും ഫലസ്തീനെ പിന്തുണച്ച് രാഷ്ട്രീയ പാർട്ടികളും വാദിപ്രതിവാദങ്ങളുമായി മുന്നേറുന്നു. അതിനിടെ ഹമാസിനെ ഭൂമുഖത്തുനിന്നും തുടച്ചു നീക്കും എന്ന ദൃഢപ്രതിജ്ഞയോടെയാണ് ഇസ്രയേലിന്റെ മുന്നേറ്റം.

ചരിത്രവും ചരിത്രപശ്ചാത്തങ്ങളും നൽകുന്ന അവകാശവാദങ്ങൾ ഇസ്രയേലിന് പിന്തുണയേകുന്നുവെങ്കിലും ഇരുപക്ഷത്തും മരിച്ചുവീഴുന്ന നിരപരാധികളുടെ ചോരയ്ക്ക് ആര് ഉത്തരം പറയും എന്ന ചോദ്യാണ് സമൂഹത്തിൽ ഇന്ന് ഉയർന്നു കേൾക്കുന്നത്. വിശുദ്ധബൈബിളിന്റെ പശ്ചാത്തലത്തിൽ നോക്കിയാൽ യുദ്ധവും ക്ഷാമവും എല്ലാം സമയാസമയങ്ങളിൽ സംഭവിക്കേണ്ടതുതന്നെ. അത് സംഭവിച്ചിരിയ്ക്കും.

ലോകമാകമാനം ഉടലെടുത്തിരിയ്ക്കുന്ന മാറ്റങ്ങൾ വിശ്വാസികൾ സസൂഷ്മം നിരീക്ഷിക്കുകയും  ജാഗ്രതയോടെ മുന്നേറുകയും ചെയ്യേണ്ടത് അനിവാര്യമായിരിക്കുന്നു. നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചുകേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അതു സംഭവിക്കേണ്ടതു തന്നേ; “ എന്നാൽ അതു അവസാനമല്ല; ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ.”....

തുടർന്ന് ദൈവവചനം പറയുന്നു “രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും.”

കാലങ്ങളെയും കാലഗതികളെയും വിവേചിക്കുവാനും ചരിത്രത്തന്റെ ഗതിവിഗതികളെ നിർണ്ണയിക്കുവാനും അവകാശം ലഭിച്ച നാം ഇന്നത്തെ ലോകസംഭവങ്ങളുടെ വിധികർത്താക്കളാകാനല്ല വിളിക്കപ്പെട്ടിരിയ്ക്കുന്നത്.


വചനം പറയുന്നു“അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെകൊമ്പു ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ.” എന്നാൽ ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിപ്പാൻ നാം ബദ്ധപ്പെട്ടു പോകുമോ? തടസ്സങ്ങൾ നിരവധിയുണ്ടാകാം, യുദ്ധങ്ങൾ, പകർച്ചവ്യാധികൾ അങ്ങനെ പലതും എന്നാൽ നാം നമ്മുടെ ദൗത്യം മറക്കരുത്.




ഡോ. ബെൻസൺ വി. യോഹന്നാൻ
**ചീഫ് എഡിറ്റർ**

ലേഖനം

# ഈ സമയത്ത് മിണ്ടാതിരുന്നാൽ



പാസ്റ്റർ വി.പി. ജോസ്,
ഡയറക്ടർ

മാറ്റങ്ങളെയും പുതുമകളെയും വല്ലാതെ ഇഷ്ടപ്പെടുന്നവനാണ് മനുഷ്യൻ. അതിനായുള്ള വാഞ്ഛയും ആകാംക്ഷയും മനുഷ്യമനസുകളിൽ പ്രബലമാണ്. കഴിഞ്ഞ നൂറ്റാണ്ടുകളെ ശ്രദ്ധിച്ചാൽ, ഇന്നത്തെ കാലത്തിന്റെ മാറ്റം വളരെ വലുതാണ്. എന്നാൽ പ്രസ്തുത മാറ്റം മനുഷ്യനെ വല്ലാത്ത ആശങ്കയിലേക്ക് നയിക്കുന്നു എന്നുവേണം മനസിലാക്കുവാൻ. കഴിഞ്ഞ ചില വർഷങ്ങളായി നമ്മുടെ രാജ്യത്തും ആ വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിയ്ക്കുന്നു. മാനുഷിക വ്യവസ്ഥിതിയിലും, രാഷ്ട്രീയ ഗതിവിഗതികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഭയാനകം തന്നെയാണ്. മാനുഷിക മൂല്യങ്ങളെ ബലികഴിയ്ക്കുന്ന ജീവിത ശൈലികളും രാഷ്ട്രീയവും മതവും ഇഴുകിച്ചേർന്ന് മനുഷ്യനെ കൊന്നൊടുക്കുന്ന നിയമ വ്യവസ്ഥകളുടെ രൂപാന്തരവും നമ്മുടെ സൂഹത്തെ അന്ധകാരത്തിന്റെ കരങ്ങളിലേയ്ക്ക് തള്ളിവിടുന്നു. സമാധാനവും സന്തോഷവും പടിയിറങ്ങിയിരിയ്ക്കുന്നു. പകയും പ്രതികാരവും ആ സ്ഥാനങ്ങൾ ഏറ്റെടുത്തിരിയ്ക്കുന്നു. മനുഷ്യൻ ചന്ദ്രനിലേക്ക് കുതിയ്ക്കുവാനും സമുദ്രങ്ങളുടെ ആഴങ്ങളിലേക്ക് ഊളിയിട്ടിറങ്ങുവാനും പഠിച്ചു. എന്നാൽ മനുഷ്യനെപ്പോലെ ജീവിയ്ക്കാൻ മറക്കുന്ന സാഹചര്യത്തിൽ എവിടെയും രക്തം മണക്കുന്നു.

അതിവേദനയുടെയും അലമുറകളുടെയും പച്ചമാംസം വെന്തുരുകുന്നതിന്റെയും ഗന്ധം അലമുറകൾക്കൊപ്പം നമ്മുടെ രാജ്യത്ത് ഉയർന്നുകൊണ്ടിരിയ്ക്കുന്നു. സർക്കാർ സംവിധാനങ്ങൾ പരാജയപ്പെടുന്നതോ അതോ നോക്കുകുത്തികളാകുന്നതോ എന്ന ആശങ്ക പുറത്ത് പങ്കുവെക്കാൻപോലും ഭയപ്പെടുന്ന സാഹചര്യം.

നമ്മുടെ രാജ്യത്തിന്റെ ഈ മാറ്റം തീർച്ചയായും ഭയപ്പെടേണ്ടതാണ്. മണിപ്പൂരിൽ നിന്നും അനുദിനം പുറത്തുവരുന്ന ഞെട്ടിയ്ക്കുന്ന വാർത്തകളുടെ പശ്ചാത്തലത്തിൽ കേരളത്തിലടക്കം പല സംസ്ഥാനങ്ങളിലും ക്രൈസ്തവ സമൂഹങ്ങൾ പ്രതിഷേധവും പ്രാർത്ഥനാ സംഗമങ്ങളുമായും പുറത്തുവന്നിട്ടുണ്ട്. എന്നാൽ അത് ഇന്നത്തെ സാഹചര്യത്തിൽ സ്വയം പ്രതിരോധത്തിന്റെ ആശ്വാസം തരുന്നുവെന്നല്ലാതെ പ്രസ്തുത വിഷയങ്ങളിൽ കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നില്ല എന്നതാണ് വാസ്തവം. അതേ സമയം ഈ വിധത്തിലുള്ള റാലികളും പ്രതിഷേധയോഗങ്ങളും പ്രാർത്ഥനാ സംഗമങ്ങളും ആശ്വാസവും പ്രശംസനീയവുമാണ്.

മണിപ്പൂരിലെ ക്രൈസ്തവ സമൂഹത്തിന്റെ ഉന്മൂലനമാണ് ഇപ്പോൾ നടക്കുന്ന അക്രമങ്ങൾക്ക് പിന്നിലെന്ന് ഏതൊരാൾക്കും വ്യക്തമാണ്. ഭാരത ക്രൈസ്തവരെ വരും സമയങ്ങളിൽ എങ്ങനെ നേരിടണം എന്നുള്ളതിനുള്ള ഒരു പരീക്ഷണശാലകൂടിയാണ് മണിപ്പൂരെന്ന് ലേഖകൻ വ്യക്തിപരമായി ഭയക്കുന്നു.

ഭാരതക്രൈസ്തവർക്ക് ലഭിച്ചിരുന്ന നല്ല സമയങ്ങളും അവസരങ്ങളും വേണ്ടവിധത്തിൽ ഉപയോഗിക്കാതെ അധികാരസ്ഥാപനങ്ങളിൽനിന്നും സമൂഹത്തിന്റെ മുൻനിരയിൽ നിന്നും തള്ളപ്പെട്ട് സ്വർഗ്ഗത്തിലുമല്ല ഭൂമിയിലുമല്ലാതെ ജീവിച്ച് അവസരങ്ങൾ പാഴാക്കിയതോർത്ത് ഇന്ന് പലരും പശ്ചാത്തപിക്കുന്നുണ്ടാകും.

ഫറവോന്റെ കൊട്ടരത്തിലെ മന്ത്രിയായിരുന്നു ജോസഫ്. അതുകൊണ്ട്തന്നെ തന്റെ പിതാവിനും സഹോദരങ്ങൾക്കും വേണ്ടി സംസാരിക്കുവാനും അവർക്ക് മാന്യമായ ഒരിടം ദേശത്ത് നേടിയെടുക്കുവാനും കഴിഞ്ഞു. ദാനിയേൽ ബാബേലിൽ ഒരു മന്ത്രിയായിരുന്നതിനാൽ അവിടുത്തെ രാജാവ് എഴുതിയ കല്പന മാറ്റിയെഴുതിക്കാനും ദാനിയേലിന്റെ ദൈവം എന്ന് രാജാവ് പ്രഖ്യാപിയ്ക്കുവാനും സാധിച്ചു.

ഇന്നും വിശ്വാസത്തിന്റെ മറപിടിച്ച് അധികാരസ്ഥാനങ്ങൾക്ക് വേണ്ടി പരസ്പരം യുദ്ധംചെയ്തും കോടതികയറിയും തമ്മിലടിച്ചും നമ്മിൽ പലരും മുന്നേറുമ്പോൾ മറുഭാഗത്ത് ജനം കടുത്ത പീഡനത്തിനിരയായിക്കൊണ്ടിരിയ്ക്കുന്നു. ചവുട്ടിനിൽക്കുന്നിടത്തെ മണ്ണ് ഒലിച്ച് പോകുന്നത് തിരിച്ചറിയാതിരുന്ന എസ്ഥേറിനോട് ഒരിക്കൽ മൊർദ്ദെഖായി പറവാൻ കല്പിച്ചതു: ”നീ രാജധാനിയിൽ ഇരിക്കയാൽ എല്ലായെഹൂദന്മാരിലുംവെച്ചു രക്ഷപ്പെട്ടുകൊള്ളാമെന്നു നീ വിചാരിക്കേണ്ടാ. നീ ഈ സമയത്തു മിണ്ടാതിരുന്നാൽ യെഹൂദന്മാർക്കു മറ്റൊരു സ്ഥലത്തുനിന്നു ഉദ്ധാരണവും രക്ഷയും ഉണ്ടാകും; എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും; ഇങ്ങനെയുള്ളോരു കാലത്തിന്നായിട്ടല്ലയോ നീ രാജസ്ഥാനത്തു വന്നിരിക്കുന്നതു? ആർക്കു അറിയാം?” രജസ്ഥാനത്ത് നിൽക്കുന്ന എസ്ഥേറിനും ചിലത് സ്വന്ത ജനത്തിനു വേണ്ടി ചെയ്യുവാൻ കഴിയും.

'നീ ഈ സമയത്തു മിണ്ടാതിരുന്നാൽ' എന്ന വാക്കുകൾ ഇവിടെ ഇന്ന് പ്രകതമാണ്. നമ്മുടെ രാജ്യത്ത് നമ്മുടെ സഹോദരങ്ങൾ വാളിനും അഗ്നിയ്ക്കും ഇരയാകുമ്പോൾ എങ്ങിനെ നമുക്ക് മിണ്ടാതിരിക്കാൻ കഴിയും. ക്രിസ്തുവിന്റെ സ്ഥാനാപതിയെന്ന പദവി നമുക്ക് ഉണ്ടെങ്കിൽ എന്തുകൊണ്ട് സ്വർഗ്ഗത്തിലെ അധികാര സ്ഥാനങ്ങളെ നമുക്ക് ചലിപ്പിയ്ക്കുവാൻ കഴിയുന്നില്ല.

രാജാവു അവളോടു: "എസ്ഥേർ രാജ്ഞിയേ, എന്തു വേണം? എന്താകുന്നു നിന്റെ അപേക്ഷ? രാജ്യത്തിൽ പാതിയോളമായാലും നിനക്കു തരാം" എന്നു പറഞ്ഞു. എന്റെ പ്രിയപ്പെട്ട എന്റെ വായനക്കാരേ, രാജാധിരാജാവായ സർവ്വശക്തൻ ചോദിയ്ക്കുന്നു എന്താകുന്നു നിന്റെ അപേക്ഷ? രാജ്യത്തിൽ പാതിയോളമായാലും നിനക്കു തരാം. എന്താണ് നമ്മുടെ മറുപടി. നമുക്ക് കരങ്ങൾകോർക്കാം മുട്ട് മടക്കി ഒരുമിച്ച് രാജസന്നിധിയിലേക്ക് കടന്നുചെല്ലാം അതെ, ഇന്ന് മണിപ്പൂർ നാളെ ഒരുപക്ഷെ രാജ്യം മുഴുവൻ. പോരാടാൻ നാം ആയുധം എടുക്കാറില്ല, എതിർക്കാൻ പല്ലും നഖവും ഉപയോഗിക്കാറില്ല എന്നാൽ വചനം പറയുന്നു "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിന്നു സൌഖ്യം വരുത്തിക്കൊടുക്കും." കണ്ണീരോടെ, വിലാപത്തോടെ ദൈവത്തിങ്കലേക്ക് മടങ്ങിവരാം, സർവ്വശക്തൻ പ്രതിക്രിയ ചെയ്ത് രാജ്യത്തെ രക്ഷിയ്ക്കും.



പാസ്റ്റർ അനു ചക്കിട്ടമുറിയിൽ ജയ്പ്പൂർ

# വൈരുദ്ധ്യങ്ങളുടെ ഏകദൃശ്യത

വൈരുദ്ധ്യങ്ങളെ ഏകദൃശ്യതയിൽ കാണുന്നവർ സംയമനവും താഴ്മയും നിറഞ്ഞ ജീവിത വിജയം കൈവരിച്ചവർ ആയിരിക്കും. ധന്യനായ പൗലോസ് 'എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നെ പ്രസാദിക്കാതിരിക്കുയും വേണം' (റോമ. 15:1) എന്നു കുറിയ്ക്കുന്നതിന്റെ പിന്നിൽ ഇങ്ങനെ ഒരു വായനകൂടി ഉരുത്തിരിയുന്നുണ്ട്.

വൈരുദ്ധ്യങ്ങളുടെ ഘോഷയാത്രയാണ് ജീവിതമെന്നു സംഗ്രഹിക്കാം. പകലും രാത്രിയും, ചൂടും തണുപ്പും, സുഖവും ദുഃഖവും, രോഗവും ആരോഗ്യവും, സന്തോഷവും സന്താപവും, സമൃദ്ധിയും ദാരിദ്ര്യവും, ജനനവും മരണവും ഇങ്ങനെ പോകുന്നു വൈരുദ്ധ്യങ്ങളുടെ പട്ടികവിവരണം. ഇവ രണ്ടിന്റെയും സംഗമത്തെ സംയമനത്തോടെ കൈകാര്യം ചെയ്യുമ്പോഴാണ് ജീവിത സാഫല്യം കൈവരിക്കപ്പെടുന്നത്. എന്തായാലും ദൈവനിയോഗത്തിന്റെ ഭാഗമായി ഇവയെല്ലാം പ്രകൃതിയുടെ നിയമമായി മനുഷ്യ ജീവിതത്തോടു കൂട്ടിയിണക്കപ്പെട്ടിരിക്കുന്നു.

വിപരീത സ്വഭാവത്തിലുള്ള ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചു നടത്തുന്ന കുടുംബജീവിതം ഈ അനുക്രമത്തിനു ചൂണ്ടികാണിക്കാവുന്ന ഉത്തമ ഉദാഹരണമാണ്. രണ്ടു വ്യത്യസ്ത ഇടങ്ങളിൽ, കുടുംബങ്ങളിൽ, ജീവിത ചുറ്റുപാടുകളിൽ ജനിച്ചു വളർത്തപ്പെട്ട, വ്യത്യസ്തതകൾ എമ്പാടുമുള്ള രണ്ടു വ്യക്തികൾ! വളർത്തപ്പെട്ട പശ്ചാത്തലം രൂപീകരിച്ച സാംസ്കാരിക വൈരുദ്ധ്യങ്ങൾ വ്യത്യസ്ത അളവിൽ ഇരുവരിലും പ്രകടമാണ്. വൈവാഹിക ജീവിതത്തിന്റെ ആരംഭ ദശകളിൽ ചെറിയ തോതിലെങ്കിലും കല്ലുകടി പുറത്തുവരുന്ന സന്ദർഭങ്ങൾ അന്യമായ കുടുംബജീവിതം ഉണ്ടെന്നു തോന്നുന്നില്ല. രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കുവാൻ ശ്രമിക്കുന്ന ബലവത്തായ ലോഹദണ്ഡു പോലെ ശ്രമകരമാണ് പലപ്പോഴും ഇത്തരം സന്ദർഭങ്ങൾ.

വ്യത്യസ്ത സ്വഭാവക്കാരായി ഒരേമുറിയിൽ സഹവാസം നടത്തുന്നവരും ഇതേ പരിസരങ്ങളുടെ പരിചയക്കാരാണ്. വിപരീതമായ ഇഷ്ടങ്ങളുടെ ഉടമകൾ പരസ്പരം സഹവാസം ചെയ്യുന്നതിന്റെ 'അഡ്ജസ്റ്റ്മെന്റ്' ഏറെ ക്ലേശകരമാണ്.

ലാദൻ ബിജാനി, ലാലെ ബിജാനി എന്നീ ഇറാനിയൻ പെൺകുട്ടികൾ തലയോട്ടികൾ ഒട്ടിച്ചേർക്കപ്പെട്ട നിലയിലാണ് 1974 ജനുവരി 17 നു ജനിച്ചു വീണത്. ഇരുപത്തൊമ്പതു വർഷങ്ങൾ അവർ ഒരുമിച്ചു പാർത്തു. എന്നാൽ അവരെ വേർപിരിക്കുവാനുള്ള സങ്കീർണ്ണമായ ഒരു സർജറിയെ സംബന്ധിച്ചുള്ള ചർച്ചകൾ പ്രാരംഭ ദശയിൽ തന്നെ മാറ്റിവയ്ക്കുവാൻ പ്രേരിപ്പിക്കപ്പെട്ടു. എങ്കിലും 2003 ജൂലൈ 6 നു സിംഗപ്പൂരിൽ വച്ച് നടത്തപ്പെട്ട അമ്പത്തിരണ്ട് മണിക്കൂർ ദൈർഘ്യം ഉണ്ടായിരുന്ന സർജറി അപ്രതീക്ഷിതങ്ങളായ നിരവധി വെല്ലുവിളികൾ നേരിടേണ്ടതായി വന്നു. എന്തായാലും രണ്ടു ദിവസങ്ങൾക്കു ശേഷം വേർതിരിക്കപ്പെട്ട ലാദനും ലാലെയും മരണത്തിനു കീഴടങ്ങി. പ്രകൃതിയുടെ വികൃതിയോ ദൈവത്തിന്റെ പദ്ധതിയോ എന്നൊക്കെ വിശേഷിപ്പിക്കാവുന്ന ആ അവസ്ഥയിൽ അവർ തുടർന്നിരുന്നെങ്കിൽ ഒരുപക്ഷേ ആ മരണം തത്ക്കാലം ഒഴിവാക്കാമായിരുന്നു എന്നാണു ഞാൻ കരുതുന്നത്.

വൈരുധ്യങ്ങളെ ഉൾക്കൊള്ളുന്നതിനു പകരം സമാന്തരമായ കൈവഴികൾ ഉണ്ടാക്കി അതിനെ അതിജീവിക്കുവാൻ നടത്തുന്ന ഏതൊരു ശ്രമവും പരാജയമായിരിക്കുമെന്നു നാം തിരിച്ചറിയണം. ദൈവത്തിന്റെ സർവജ്ഞതയിൽ ഇണക്കിച്ചേർക്കപ്പെടുന്ന സാഹചര്യങ്ങളെ മാനുഷിക ബുദ്ധിയുടെ മൂശയിൽ പാകപ്പെടുത്താമെന്ന വ്യാമോഹം നിരർത്ഥകമാണ്.

'ഇരിമ്പു ഇരിമ്പിന്നു മൂർച്ചകൂട്ടുന്നു; മനുഷ്യൻ മനുഷ്യന്നു മൂർച്ചകൂട്ടുന്നു' (സദൃ. 27:17) എന്ന ജ്ഞാനിയുടെ വാക്കുകൾക്കു മാറ്റേറെയുണ്ട്. രണ്ടു വ്യക്തിത്വങ്ങളെ ഇരുമ്പിനോട് സമരസപ്പെടുത്തി ജ്ഞാനി പ്രസ്താവിക്കുന്നത് ഒന്നിന് മറ്റൊന്ന് പൂരകമാണെന്നാണ്. വ്യത്യസ്തങ്ങളായ രണ്ടു ഇരുമ്പുകഷണങ്ങൾ ഒരുമിച്ചു പ്രവർത്തന നിരതമാകുമ്പോൾ ഉപയോഗപ്രദമായ മറ്റൊന്നിന്റെ രൂപീകരണം സാധ്യമാകുന്നു. അല്ലാത്ത പക്ഷം തുരുമ്പിന് വിധേയമായി രണ്ടു കഷണങ്ങളും മണ്ണടിഞ്ഞു പോകുമെന്ന സൂചനയും വരികൾക്കിടയിൽ വായിച്ചെടുക്കരുതോ!

> സാമൂഹിക ജീവിതത്തിലെ പ്രതിബദ്ധതയാണ് ഇവിടുത്തെ കാര്യസാരമായ ഉള്ളടക്കം. വ്യക്തിബന്ധങ്ങൾ മൂല്യവത്തായ പുരോഗമനം കൈവരിക്കുന്നത് പരസ്പരമുള്ള കൊടുക്കവാങ്ങലിലൂടെയാണ്..

സാമൂഹിക ജീവിതത്തിലെ പ്രതിബദ്ധതയാണ് ഇവിടുത്തെ കാര്യസാരമായ ഉള്ളടക്കം. വ്യക്തിബന്ധങ്ങൾ മൂല്യവത്തായ പുരോഗമനം കൈവരിക്കുന്നത് പരസ്പരമുള്ള കൊടുക്കവാങ്ങലിലൂടെയാണ്. മൂല്യങ്ങളുടെ വിനിമയമെന്നു സാരം. ഒറ്റപ്പെട്ടു വളരുന്ന മനുഷ്യർ എക്കാലത്തും സ്വാർത്ഥരും അപരപക്ഷത്തെ അംഗീകരിക്കുവാൻ വിസമ്മതിക്കുന്നവരും ആയിരിക്കുമെന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. 'കൂട്ടംവിട്ടു നടക്കുന്നവൻ സ്വേച്ഛയെ അന്വേഷിക്കുന്നു; സകലജ്ഞാനത്തോടും അവൻ കയർക്കുന്നു' (സദൃ. 18:1) എന്നാണ് ജ്ഞാനിയുടെ വിലയിരുത്തൽ. സ്വാർത്ഥതയ്ക്കു വിഘ്നം വരുത്തുന്ന സകലത്തോടും കയർക്കുന്ന പ്രകൃതം അങ്ങനെയുള്ളവരുടെ മാനസികാവസ്ഥയുടെ പ്രതിഫലനമാണ്.

സഫലത കൈവരിച്ച വ്യക്തിജീവിതങ്ങൾ സമൂഹത്തിനു എന്നും ഗുണാത്മക സേവനം ഉറപ്പുവരുത്തും; മൂർച്ചയുള്ള ആയുധം പോലെ! അതാകട്ടെ, വൈരുദ്ധ്യങ്ങളുടെ ഏകദൃശ്യതയിലും ഏകോപനത്തിലും ഊന്നിയുള്ള കാഴ്ചപ്പാടുകളുടെ പണിശാലയിൽ രാകിമിനുക്കിയവയും ആയിരിക്കും. ഒന്നിനോടുള്ള അനാവശ്യ അതൃപ്തിയും മറ്റൊന്നിനോടുള്ള അമിതമായ പ്രതിപത്തിയും ബാധിക്കാത്തതും അതേസമയം വൈരുദ്ധ്യങ്ങളെ സമീകൃതമായി സമന്വയിപ്പിച്ചു കാര്യക്ഷമമായ മൂല്യങ്ങളുടെ സഹവർത്തിത്വം ഉറപ്പാകുകയുമാണ് ഇവിടെ കരണീയം. അതിലൂടെ കൈവരുന്ന സാമൂഹിക നിലവാരം ഉന്നതവും കുറ്റമറ്റ മൗലികതയുടെ കലവറയും ആയിരിക്കും; തീർച്ച.



# THE END TIMES

"Do you see all these things?"
"Watch out that no one deceives you" !





Bro. JACOB VARGHESE

Matthew 24, is a significant and thought-provoking scriptural passage in the New Testament of the Bible that holds profound meaning for many believers as it primarily focuses on the teachings of Jesus regarding the end times. In this chapter, Jesus discusses the signs and events that will occur before His second coming and the end of the age. As Christians, we believe in the divine plan of God, which includes the promise of Christ's return and the fulfilment of the end time saga. Throughout history, prophecies and scriptures have provided glimpses into the events that will unfold in the final days. While the exact timing remains a mystery, it is essential for believers to be informed and spiritually prepared for what lies ahead. In this article, we will explore the end time saga from a Christian perspective, examining biblical prophecies, signs of the times, and the hope that sustains us during these uncertain days.

## I. Biblical Prophecies of the End Times

The Bible is abounding with prophecies that foreshadow the events leading up to the end time saga. Key passages, such as Matthew 24, the book of Daniel, and the book of Revelation, provide profound insights into what will unfold in the final days. These prophecies include:

Increase in Wars and Natural Disasters: We have witnessed devastating natural calamities, such as hurricanes, earthquakes, wildfires, and floods, causing widespread destruction and loss of life. The increasing frequency and intensity of these disasters resonate with Jesus' warnings about the signs of the end times. Jesus foretold an increase in wars, famines, earthquakes, and other natural disasters as the end draws near (Matthew 24:6-7).

The Rise of False Prophets and Deception: The digital age has enabled the rapid spread of information, but it has also given rise to the proliferation of false teachings and ideologies. Online platforms and social media can be breeding grounds for misinformation and manipulation. Christians must be vigilant, discerning truth from falsehood, and remaining grounded in God's Word to avoid falling prey to deception. In the last days, false prophets and false messiahs will arise, leading many astray (Matthew 24:11).

The Abomination of Desolation: Jesus mentions the "abomination of desolation" spoken of by the prophet Daniel (Daniel 9:27; 11:31; 12:11). This refers to a blasphemous event that will take place in the holy place, signifying a significant point in the end-time events.

The Persecution of Believers: If there is an increase in persecution against religious minorities, particularly Christians, in different parts of our country and the world around, it aligns with the biblical prophecy that believers will face persecution for their faith in the last days. Christians will face persecution for their faith, as darkness resists the light of Christ (Matthew 24:9). Jesus speaks of a time of great tribulation, a period of intense suffering and hardship for believers. However, He assures that those days will be shortened for the sake of the elect (faithful believers)

## II. Signs of the Times

While we do not know the exact hour or day of Christ's return (Matthew 24:36), the Bible urges us to discern the signs of the times. Some signs indicating the end time saga is drawing closer include:

Moral Decay: In many parts of the world, we observe a decline in moral values and a growing hostility towards Christian beliefs. Laws and policies have been enacted in some regions that contradict biblical principles, leading to increased persecution and discrimination against believers. This mirrors the biblical prediction of challenges Christians will face in the end times for staying true to their faith. A noticeable decline in moral values and a disregard for biblical principles in society are signs of the times (2 Timothy 3:1-5).

Global Unrest and Instability: In recent years, we have witnessed widespread political turmoil and civil unrest across various nations. Protests, revolutions, and conflicts have emerged due to social, economic, and political issues. These events reflect the turbulence predicted in the Bible as a sign of the end times drawing near.

Technological Advancements: The exponential growth of technology has dramatically impacted our lives. The rise of artificial intelligence, the internet, and advanced communication systems align with biblical prophecies about the increase in knowledge and global interconnectedness. The rapid advancements in technology align with biblical predictions about the increase of knowledge (Daniel 12:4).

## III. Our Response: Faith, Hope, and Readiness

In the face of the end time saga, Christians must respond with unwavering faith, hope, and preparedness:

Strengthening Our Faith: We must deepen our relationship with God through prayer, studying His Word, and living a life that reflects Christ's teachings. This will help us stand firm amidst the challenges of the end times.

Holding Fast to Hope: As the world experiences turmoil, we hold on to the hope that Christ will return to establish His eternal kingdom of righteousness, justice, and peace.

Being Watchful and Ready: Jesus urged His followers to be watchful and ready for His return (Matthew 24:42-44). This involves living in obedience to God, eagerly awaiting Christ's coming, and being prepared to give an account of our lives.

The end time saga is a reality that every Christian must reckon with. While we may not fully comprehend all the details or the exact timeline, our faith in God's promises and His Word sustains us. As we observe the signs of the times, let us remain steadfast in faith, fervent in prayer, and committed to sharing the hope of the gospel with a world in need. May we find solace in knowing that Christ's return brings the fulfilment of God's divine plan, the redemption of creation, and the ultimate triumph of light over darkness. Let us, therefore, live as people who eagerly await the glorious appearance of our Lord and Saviour Jesus Christ.

The signs of the times we see today should not instil fear in our hearts but rather spur us to live with greater faith, hope, and readiness. God's Word assures us that though the world may face upheaval, as Christians, we find our ultimate security in the promises of Christ's return, the restoration of creation, and the establishment of His everlasting kingdom. Let us, therefore, be faithful stewards of the time we have, sharing the gospel of hope and redemption with a world longing for the light of Christ. Jesus declares that He will return in glory, coming on the clouds with great power and majesty. This event will be unmistakable and universal, visible to everyone. Jesus emphasizes the importance of being spiritually prepared and watchful for His return, as no one knows the exact day or hour.

It is important to remember that connecting current events to specific biblical prophecies requires careful interpretation and discernment. While some parallels may be drawn, we must avoid drawing definitive conclusions about the exact fulfilment of end time prophecies based solely on current events. The Bible advises us to be watchful and discerning of the signs of the times, but the exact timing and specifics of the end time saga remain in God's hands (Matthew 24:36).

In any situation of unrest or difficulty, our response as Christians, should always be one of compassion, prayer, and a commitment to sharing the hope and love of Christ with those who are suffering. Let us be agents of peace, reconciliation, and hope in a troubled world, trusting in God's sovereignty and His ultimate plan for the future.

ലേഖനം



## റോദയെ പോലെ

# ദൈവശബ്ദം തിരിച്ചറിയുക

> അതു വരെ അവർ ഒരുമിച്ചു പ്രാർത്ഥിച്ച വിഷയത്തിന്റെ മറുപടി അവരുടെ വാതിൽക്കൽ എത്തിയിട്ടും തിരിച്ചറിയാൻ കഴിയാത്ത വിശ്വാസമായിരുന്നു അവരെ നയിച്ചത്



ബ്രദർ മോബിൻ സണ്ണി

**ക്രി**സ്തീയ സഭകൾക്ക് എതിരെ പീഡനം അഴിച്ചുവിട്ട ഹേരോദാ രാജാവ് യാക്കോബിനെ വാൾക്കൊണ്ട് കൊന്ന ശേഷം യെഹൂദൻമാർക്ക് പ്രസാദം ആകുവാൻ പത്രോസിനെയും പിടിച്ച് കരാഗൃഹത്തിൽ അടച്ചു.
16 പടയാളികളുടെ നടുവിൽ അല്പം പോലും ഭയമില്ലാതെ ഉറങ്ങുന്ന പത്രോസിനെയാണ് നമുക്ക് കരാഗൃഹത്തിൽ കാണാൻ കഴിയുന്നത്, അതിനൊരു കാരണം ശ്രദ്ധയോടു കൂടിയുള്ള സഭയുടെ പ്രാർത്ഥന ആയിരുന്നു.
സഭ ഒരുമിച്ചു കൂടി യോഹന്നാന്റെ അമ്മ മറിയയുടെ വീട്ടിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ പ്രാർത്ഥനയുടെ മറുപടിക്കായി കാതോർക്കുന്ന രോദ എന്ന ബാല്യക്കാരത്തിയെ നമുക്ക് ഇവിടെ കാണാൻ കഴിയും.
ആ വീട്ടിൽ കുടിവന്നവരെ വെച്ചു നോക്കുമ്പോൾ ബാല്യക്കാരത്തി എന്ന സ്ഥാനമാണ് രോദ എന്ന പെൺകുട്ടിക്ക് ഉള്ളത് എന്നാൽ ആ കൂട്ടത്തിൽ വാതിലിൽ മുട്ടിവിളിച്ച പത്രോസിന്റെ ശബ്ദം തിരിച്ചറിയാൻ കഴിഞ്ഞത് അവൾക്കു മാത്രമാണ്ന്നു നമുക്ക് അനുമാനിക്കാം. അവിടെ കുടിയിരുന്നവർ ആത്മാർഥമായി പ്രാർത്ഥിച്ചു എങ്കിലും മറുപടിക്കായി കാതോർത്തിരുന്നില്ല എന്നാൽ രോദ പ്രാർത്ഥനയ് ക്കൊപ്പം മറുപടിയും കേട്ടിരുന്നു.

ഇന്നത്തെ ആത്മീയ ഗോളത്തിൽ വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന അനേകരുണ്ട് എന്നാൽ രോദയെ പോലെ പ്രാർത്ഥനയുടെ മറുപടി വരുമ്പോൾ തിരിച്ചറിയാൻ കഴിയുന്നവർ വളരെ ചുരുക്കമാണ്.
അതീവ സന്തോഷത്തോടെ പടിവാതിൽ പോലും തുറക്കാതെ കൂടെയിരുന്നു പ്രാർത്ഥിച്ച പ്രിയപ്പെട്ടവരോട് പത്രോസ് പടിപ്പുരയിക്കൽ നിൽക്കുന്നു എന്ന് പറഞ്ഞപ്പോൾ നിനക്ക് ഭ്രാന്ത് ഉണ്ട് എന്നാണ് അവർ പറഞ്ഞത്.
അതു വരെ അവർ ഒരുമിച്ചു പ്രാർത്ഥിച്ച വിഷയത്തിന്റെ മറുപടി അവരുടെ വാതിൽക്കൽ എത്തിയിട്ടും തിരിച്ചറിയാൻ കഴിയാത്ത വിശ്വാസമായിരുന്നു അവരെ നയിച്ചത്,
കുടിയിരുന്നവർ തന്നെ പരിഹസിച്ചപ്പോളും പ്രാർത്ഥനയുടെ മറുപടിയാണ് വാതിൽക്കൽ നിൽക്കുന്നത് എന്ന് ധൈര്യത്തോട് പറയാൻ കഴിയുന്ന രോദയിൽ നിന്ന് നമുക്കും പഠിക്കാൻ ഉണ്ട്.

ഇന്ന് നമ്മെ ഏല്പിച്ചിരിക്കുന്ന വേലയോട് ഒപ്പം തന്നെ നമുക്ക് ചുറ്റും പീഡിപ്പിക്കപ്പെടുന്ന സഭകൾക്കു വേണ്ടിയും ദൈവജനത്തിന് വേണ്ടിയും ശ്രദ്ധയോടും അവർ വിടുവിക്കപ്പെടുന്നത് വിശ്വാസകണ്ണുകളാൽ കണ്ടും പ്രാർത്ഥിക്കുവാൻ നമുക്ക് എത്ര പേർക്ക് കഴിയും.
ഇവിടെ രോദയിൽ കാണുന്ന പ്രത്യേകത പ്രാർത്ഥനയുടെ മറുപടി അവൾ തിരിച്ചറിഞ്ഞു എന്നുള്ളതാണ്, ഇന്ന് നാം ഓരോരുത്തരും അനേക വിഷയങ്ങൾക്ക് വേണ്ടി ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്, എന്നാൽ അതിന് മറുപടിയായി കേൾക്കുന്ന ദൈവശബ്ദം തിരിച്ചറിയാൻ നമുക്ക് കഴിയുന്നുണ്ടോ? അതാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. ആ ഒരു തിരിച്ചറിവാണ് രോദയെ പറ്റി അപ്പോസ്തോല പ്രവർത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രിയ ദൈവമക്കളെ ആർക്കും ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം എന്നാൽ ദൈവശബ്ദം കേൾക്കാനും തിരിച്ചറിയാനും കഴിയുന്ന ദൈവകൃപ പ്രാപിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# പ്രാർത്ഥനയ്ക്ക് പകരം വയ്ക്കാൻ പ്രാർത്ഥന മാത്രം



സുവി.ബിനുമോൻ കെ.ജി



എല്ലാം മതത്തിന്റെയും പ്രധാനപ്പെട്ട ചടങ്ങുകളിൽ ഒന്നാണ് പ്രാർത്ഥന.ദൈവവുമായി ആശയ വിനിമയം നടത്തുക എന്നതാണ് നാം പ്രാർത്ഥിക്കുന്നതിന്റെ ഒരു ഉദ്ദേശം. ഒരു ദൈവ പൈതൽ ദൈവവുമായി ആശയവിനിമയം നടത്തുന്ന പ്രക്രിയയിൽ നമ്മുടെ ജീവിതത്തിനു ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും,പ്രതികൂല പ്രതിസന്ധികളിൽ നിന്നുമുള്ള വിടുതലും, അനുഗ്രഹങ്ങളും അവിടുന്ന് നൽകുന്നു.നാം ദൈവവുമായി പ്രാർത്ഥനയിലൂടെ ആശയ വിനിമയം നടത്തുമ്പോൾ നമ്മുടെ ജീവിതത്തിനു മുന്നോട്ടുള്ള വിജയകരമായ നടത്തിപ്പിന് ആവശ്യ മായ മാർഗ്ഗ നിർദേശങ്ങൾ അവിടുന്ന് നൽകുന്നു.യിരെമ്യാവ് 33:3ലൂടെ കർത്താവു നമ്മോടു പറയുന്നു എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിനക്കുത്തരം അരുളും; നീ അറിയാത്ത മഹത്തായും അഗോചരമായും ഉള്ള കാര്യങ്ങളെ ഞാൻ നിന്നെ അറിയിക്കും. യഥാർത്ഥത്തിൽ പ്രാർത്ഥന ദൈവത്തോട് സംസാരിക്കുന്നതു ആയിരിക്കണം മറിച്ചു ഒരു കടമ നിർവഹിക്കാനായി മാറരുത്. പ്രാർത്ഥനയുള്ള മനുഷ്യന്റെ ജീവിതം ഒരിക്കലും ദിശബോധം ഇല്ലാതിരിക്കയില്ല.നാം കഴിക്കുന്ന ഭക്ഷണം പോലെ, കുടിക്കുന്ന വെള്ളം പോലെ,ശ്വസിക്കുന്ന വായു പോലെ ഒരു ദൈവ പൈതലിന്റെ ജീവിതത്തിൽ പ്രാർത്ഥനയും ഏറ്റവും അത്യന്താപേക്ഷിതമാണ്. നാം നിരന്തരമായി ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ അവിടുന്ന് തന്റെ ഉദ്ദേശങ്ങളും നമ്മുടെ ജീവിതത്തെ കുറിച്ചുള്ള പദ്ധതികളും അവിടുന്ന് നമുക്ക് വെളിപ്പെടുത്തി തരും. പ്രാർത്ഥനയുടെ ശക്തി ദൈവത്തോളം വലുതാണ്, ഈ തിരിച്ചറിവ് ഉണ്ടങ്കിൽ നാം നമ്മുടെ ജീവിതത്തിൽ ഒരിക്കലും പരാജിതരാകുകയില്ല. ദൈവവുമായിട്ടുള്ള നമ്മുടെ കൂട്ടായ്മ ജ്വലിപ്പിക്കുവാനുള്ള അഥവാ തീക്ഷ്ണ മാക്കുവാനുള്ള ഏറ്റവും ഫലവാത്തയിട്ടുള്ള മാർഗം നമ്മുടെ പ്രാർത്ഥന ആണ്.ഏതു പ്രതിസന്ധികളിലും, ഏതു പ്രയാസങ്ങളിലും, വേദനയിലും ഒരു ദൈവ പൈതലിന്റെ പ്രതികരണം പ്രാർത്ഥനയിൽ കൂടെ ആണെങ്കിൽ അവിടെ ദൈവികമായിട്ടുള്ള അത്ഭുതം കാണ്മാൻ കഴിയും.ദൈവം നമ്മെ കണ്ടിരിക്കുന്നത് വിശേഷത ഉള്ളവർ ആയിട്ടാണ്. ആവർത്തനം 4:7 നമ്മുടെ ദൈവമായ യഹോവയോട് വിളിച്ചു അപേഷിക്കുമ്പോഴൊക്കെയും  അവൻ നമുക്ക് അടുത്തിരിക്കുന്നത് പോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠ ജാതി ഏതുള്ളു. പ്രാർത്ഥിക്കുവാൻ ഒരു മനുഷ്യൻ ഉണ്ടങ്കിൽ പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവം ഉണ്ടന്ന് എല്ലാവരും അറിയുവാൻ ഇടയായി തീരും.നമ്മുടെ ദൈവം പ്രാത്ഥന കേട്ട് ഉത്തരം അരുളുന്നവനാണ്. നാം പ്രാർത്ഥിക്കുമ്പോൾ നമുക്ക് അറിഞ്ഞു കൂടാത്ത ആരോടോ ഒന്നിനോടോ നാം ചില കാര്യങ്ങൾ പറയുകയല്ല പ്രത്യുതാ നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരമരുളാൻ താൽപ്പര്യം മായിരിക്കുന്ന ദൈവത്തോട് നാം നമ്മുടെ കാര്യങ്ങളെ അറിയിക്കുകയാണ്. തന്നെ സത്യമായി വിളിച്ചു അപേക്ഷിക്കുന്നുന്നവർക്ക് അവിടുന്ന് സമീപസ്ഥനായ ദൈവമാണ്. തകർന്നും നുറുങ്ങിയും ഇരിക്കുന്ന ഹൃദയത്തെ അവിടുന്ന് നിരസിക്കുകയില്ല. എഴുതി വച്ചതു എന്തോ കാണാതെ ഉരുവിടുന്നത് പ്രാർത്ഥന ആകുകയില്ല. ഹൃദയ ത്തിൽനിന്നു ബോധപൂർവം തുറന്നു സംസാരിക്കുന്ന ഒരു അനുഭവം ആയിരിക്കണം പ്രാർത്ഥന. നമ്മുടെ ഭാരങ്ങൾ,വേദനകൾ, ആവശ്യങ്ങൾ ഒക്കെ കർത്താവിനോട് പറയുക മാത്രമല്ല അവൻ നമ്മോടു ചിലതു പറയുവാൻ നാം ക്ഷമയോട് കാത്തിരിക്കുകയും കൂടാതെ കർത്താവു പറയുന്നത് ശ്രദ്ധയോട് കേൾക്കാനും അത് അനുസരിക്കുവാനും ഉള്ള മനോഭാവം നമ്മിൽ ഉണ്ടാകുകയും അത് വളർത്തി എടുക്കുകയും വേണം.ആകയാൽ നാം പ്രാർത്ഥനയിലൂടെ സൃഷ്ടാവിങ്കലേക്കു മടങ്ങുക,അവൻ നിങ്ങൾക്കായി കാത്തിരിക്കുന്നു അവൻ നമ്മെ സ്നേഹിക്കുന്നു കർത്താവിനു നമ്മോടു സംസാരിക്കാൻ ആഗ്രഹമുണ്ട് . നമ്മുടെ ക്രിസ്തീയ ജീവിതത്തിന് ഈ ചിന്ത സഹായകം ആകട്ടെ എന്ന് പ്രാർത്ഥിച്ചു കൊള്ളുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. സകല മഹത്വവുംഎന്റെ ദൈവത്തിന് അർപ്പിക്കുന്നു, മാറാനാഥാ.

Book reffers :ദൈവം എന്നിൽ പ്രസാദിക്കുന്നതു എ.പോൾ, ജോൺ കുര്യൻ. പ്രാർത്ഥനയുടെ അത്യന്തശക്തി വെസ്ലി എൽ. ഡ്യൂവൽ.

# മടിക്കേണ്ട, തീരുമാനിക്കൂ






സുഷമ്മ ജോബി

> ജീവിതത്തിൽ സംഭവിക്കുന്ന ഓരോ കാര്യവും അറിഞ്ഞോ അറിയാതെയോ എടുക്കുന്ന തീരുമാനങ്ങളുടെ അനന്തരഫലമാണ് നേട്ടങ്ങളുടെ കൊടുമുടിയിൽ നിൽക്കുന്ന ആരും ഒരു ഒരു ദിവസം കൊണ്ട് പൊട്ടിമുളച്ചതല്ല

**മി**കച്ച ബിസിനസുകാരനുള്ള പുരസ്കാരം നേടിയ വ്യക്തിയോട് ഒരാൾ ചോദിച്ചു. എന്താണ് താങ്കളുടെ വിജയത്തിന് കാരണം? “ഞാൻ എടുത്ത ശരിയായ തീരുമാനങ്ങൾ” അയാൾ മറുപടി പറഞ്ഞു. ശരിയായി തീരുമാനങ്ങൾ എടുക്കാൻ പ്രചോദനമായത് എന്താണ്? “ജീവിത അനുഭവങ്ങൾ”. പെട്ടെന്ന് ഒരു ചോദ്യം കൂടിയെത്തി “ഇത്രയും ശക്തമായ ജീവിതാനുഭവങ്ങൾ ലഭിക്കാനുള്ള കാരണം?” മറുപടിയും പെട്ടെന്നായിരുന്നു “ഞാൻ എടുത്ത തെറ്റായ തീരുമാനങ്ങൾ” ജീവിതത്തിൽ സംഭവിക്കുന്ന ഓരോ കാര്യവും അറിഞ്ഞോ അറിയാതെയോ എടുക്കുന്ന തീരുമാനങ്ങളുടെ അനന്തരഫലമാണ് നേട്ടങ്ങളുടെ കൊടുമുടിയിൽ നിൽക്കുന്ന ആരും ഒരു ഒരു ദിവസം കൊണ്ട് പൊട്ടിമുളച്ചതല്ല തെറ്റായ തീരുമാനങ്ങളുടെയും തിരുത്തിയെഴുതിയ വിധി വാചകങ്ങളുടെയും ഇടയിലൂടെയുള്ള തീർത്ഥയാത്ര യാണ് ഓരോ ജീവിതവും കാത്തിരിപ്പുകൊണ്ട് പരിഹരിക്കുന്ന കാര്യങ്ങളിൽ സമയവും ക്രിയാത്മകതയും നഷ്ടപ്പെടും പരിഭവങ്ങൾ പോലും കാലപ്പഴക്കത്താൽ ഇല്ലാതാകുന്നതിനേക്കാൾ വലുത് അപ്പോൾ പറഞ്ഞു തീർക്കുന്നതല്ലേ ദീർഘദൃഷ്ടി നല്ലതാണ് പക്ഷേ എല്ലാ തീരുമാനങ്ങളും ഭാവിയുടെ രൂപരേഖ തയ്യാറാക്കി എടുക്കാൻ ആവുകയില്ല എടുത്ത തീരുമാനങ്ങളുടെ തിരുത്തൽ തീരുമാനങ്ങൾ ആകും ചിലപ്പോൾ മുതൽക്കൂട്ടുക വാഹനം ഓടിക്കുന്ന ആൾ എടുക്കുന്ന ഓരോ തീരുമാനങ്ങളും തൽസമയം തീർപ്പാണ് ഒരു നിമിഷം വൈകിയാൽ കഥ മാറും ഉപരിപഠന തീരുമാനം കുറച്ചുകൂടി സമയം ആവശ്യപ്പെടുന്നു എന്നാൽ ആലോചനക്കും തിരഞ്ഞെടുപ്പിനും അവിടെയും കാല പരിധിയുണ്ട് വൈകിയെടുത്ത തീരുമാനങ്ങൾ ജീവനും ജീവിതത്തിനും വില പറയും തെറ്റു വരുത്താതെ പഠിച്ച എന്ത് കാര്യമാണ് ജീവിതത്തിൽ ഉള്ളത് നടക്കാൻ പഠിച്ചപ്പോൾ വീഴാനും പഠിച്ചു വീണപ്പോൾ നടക്കാനും തീരുമാനമെടുത്തവർ തിരുത്താനും പഠിക്കും


## DOULOS VOICE MATRIMONIAL



Christian pentecostal parents inviting proposal for their daughter who is born again, baptized and spirit filled 24 Years (DOB: 29-06-1998)157cm, M Sc Nurse ( Studying in London) Seeking proposals from suitable boys professionally qualified (PR in abroad) and good family backgrounds and born again, baptized, and spirit filled. Please contact: +91 96450 53174,9847661753




Published by Pr.Joy P.Abraham, Chief Editor Pr.Benssen V. Yohannan,Doulos Biblical Seminary,Vechuchira.P.O,Ranni, Pathanamthitta Dt.Kerala. Phone- 9847599603.(Private Ciculation only)


Doulos
BIBLICAL SEMINARY
DOULOS INTERNATIONAL MINISTRIES INC.
VECHOOCHIRA, RANNI
9847599603
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY IATA
COURSES OFFERED
C.Th - 10th
Dip.Th - 10th Pass
B.Th - +2 pass
M.Div - Graduate of a Recognized University / B.Th
23 YEARS OF GOD'S FAITHFULNESS
സഹോദരന്മാർക്ക് ക്യാമ്പസിൽ താമസിച്ചു പഠിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്
ONLINE COUNSELING COURSE
COURSES OFFERED
Certificate in Christian Counseling (CCC) 1 Year
Diploma in Christian Counseling (DCC) 1 Year
Bachelor in Christian Counseling (BCC) 2 Year
വിളിയും ദർശനവും ഉള്ളവർക്ക് പ്രവേശനം
തികച്ചും ആത്മീയ അന്തരീക്ഷം
ക്രമീകൃതമായ പാഠ്യ പദ്ധതി
പ്രഗത്ഭരായ അധ്യാപകർ
DIRECTOR
Pr. V. P. Jose
PRINCIPAL
Pr. Dr. Benssen V Yohannan
Zoom Classes & Campus Studies
അഡ്മിഷനു വേണ്ടി : പാസ്റ്റർ. രാജ്കുമാർ 9447515704
അഡ്മിഷൻ തുടരുന്നു...


PASTEL HOUSE
A bite of deliciousness.!!!
White Forest
Black Forest
Strawberry
Butter Scotch
Vancho
Blueberry
Red Velvet
Photo Print
Doll Cake
Spiderman Cake
Theme Cakes etc.
Plum Cake
Tea Cake
Carrot Cake
Dates Cake
Free delivery!
6 KM With in
Pandalam, Kulanada
Fssai ID : 2132 1153 0007 43
Weddings, Birthdays, Events, Anniversary
All types of cakes are available as per your order.
More info
892-1968-343
974-7242-748